അഴിക്കോട് അഴിമുഖത്തുണ്ടായ അപകടങ്ങൾ

1052 [1558] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിക്കോട് അഴിമുഖത്തെ മണൽ തിട്ടയിൽ തട്ടി 1977 ജനുവരി മുതൽ 1986 സെപ്റ്റംബർ 30 വരെ എത്ര ബോട്ട് അപകടങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) എത്ര പേർ മരണമടഞ്ഞു ;

(സി) ഇവിടത്തെ അപകടം ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇവിടെ അവസാനമായി ഡ്രഡ്ജിംഗ് നടന്നത് എന്നാണ് ;

(ഇ) കാലാകാലം ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള തടസ്സം എന്താണ് ?

ഉത്തരം

(എ) മുപ്പത്.

(ബി) മരിച്ചവർ മൂന്ന്. ഒരാളെ കാണാതായിട്ടുണ്ട്.

(സി) താല്കാലിക നടപടി എന്ന നിലയിൽ അപകടമൊഴിവാക്കുന്നതിനായി ബോട്ടുകൾക്ക് സുഗമമായ ഒരു ചാനൽ ബോയകളിട്ട് (boyou) അടയാളപ്പെടുത്താറുണ്ട്.

(ഡി) 1977-78-ൽ

(ഇ) പുലിമുട്ടുകൾ നിർമ്മിക്കാതെ അഴിക്കോട് ഡ്രഡ്ജിംഗ് കൊണ്ട് യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലെന്ന പൂനാ ജലഗവേഷണ നിലയത്തിന്റെ വിദഗ്ദ്ധോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഡ്രഡ്ജിംഗ് നടപടികൾ സ്വീകരിക്കാതിരുന്നത്.

കെ. എസ്. ആർ. ടി. സി. യിലെ നിയമനങ്ങളെപ്പറ്റി ഹർജികൾ സംബന്ധിച്ച് സമിതിയുടെ ശുപാർശകൾ

1053 [1559] ശ്രീ. തോമസ് കല്ലമ്പള്ളി :
,, പി. സി. ജോർജ് :
,, ടി. എസ്. ജോൺ :
,, എം. വി. മാണി :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു മുഖാന്തിരം നിയമിച്ചവരെ പിരിച്ചുവിട്ടിട്ട് പി. എസ്. സി. തെരഞ്ഞെടുത്തവരെ കെ. എസ്. ആർ. ടി. സി. യിൽ നിയമിക്കണമെന്ന് നിയമസഭയുടെ ഹർജികൾ-സംബന്ധിച്ച് സമിതിയുടെ ശുപാർശ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly